ॐ



യം വൈ മുഹു: പിതൃസ്വരൂപനിജേശഭാവാ
സ്തൻമാതരോ യദഭജൻ രഹരൂഢഭാവാ:
ചിത്രം ന തത് ഖലു രമാസ്പദബിംബബിംബേ
കാമേ സ്മരേ$f$ക്ഷിവിഷയേ കിമുത്യാന്യനാര്യ: **(10-55-40)**

*ശുകമുനി തുടർന്നു:*
കാലക്രമത്തിൽ രുഗ്മിണി ഒരു പുത്രനെ പ്രസവിച്ചു. ശിശു കാമദേവൻ തന്നെയായിരുന്നു. കാമദേവനാകട്ടെ പരമശിവനാൽ ഭസ്മമാക്കപ്പെട്ടിരുന്നു. ഈ കൃഷ്ണപുത്രൻ പ്രദ്യുമ്നൻ എന്ന പേരിൽ അറിയപ്പെട്ടു. സൗന്ദര്യത്തിൽ കൃഷ്ണനു തുല്യനായിരുന്നു അദ്ദേഹം.

ശംബരൻ എന്നു പേരായ രാക്ഷസന് പ്രദ്യുമ്നൻ തന്നെ വധിക്കാനാണ് ജനിച്ചിട്ടുള്ളതെന്ന് അറിയാമായിരുന്നു. അതിനാൽ അമ്മയും മകനും ഗർഭഗൃഹത്തിൽ കഴിയുമ്പോൾ ശംബരൻ കുട്ടിയെ മോഷ്ടിച്ചു കടന്നു കളഞ്ഞു. എന്നിട്ടതിനെ കടലിൽ എറിയുകയും ചെയ്തു. വലിയൊരു മത്സ്യം ശിശുവിനെ വിഴുങ്ങി. ഈ മത്സ്യത്തെ വലയിട്ടു പിടിച്ച മുക്കുവൻ അതിനെ ശംബരനു കാഴ്ച നൽകി. ശംബരൻ അതിനെ പാചകം ചെയ്യാനേൽപ്പിച്ചു. മീൻ മുറിച്ച കുശിനിക്കാരൻ ജീവനോടെ കുട്ടിയെ അതിൻെറ വയറ്റിൽ കണ്ടു. ശംബരൻെറ വേലക്കാരിയായ മായാവതിക്ക് വലലൻ ശിശുവിനെ നൽകി. മായാവതി രതീദേവിയായിരുന്നു. മൻമഥൻെറ ധർമ്മദാരം. നാരദമുനി ശിശുവിൻെറ വ്യക്തിത്വം മായാവതിക്ക് മനസ്സിലാക്കി കൊടുത്തു.

രതിയുടെ സ്നേഹവാത്സല്യങ്ങളോടെ ശിശു വളർന്ന് യുവാവായി. രതി -മായാവതി- യുടെ ശൃംഗാര ഭാവങ്ങൾ യുവാവിന് മന:ക്ലേശമുളവാക്കി. മായാവതി കഥകളെല്ലാം അവനെ പറഞ്ഞു മനസ്സിലാക്കി. നാരദൻ പറഞ്ഞ കാര്യങ്ങളെല്ലാം മായാവതി മൻമഥനോട് പറഞ്ഞു. ശംബരൻെറ കഥ കഴിക്കാൻ മായാവതി അദ്ദേഹത്തെ പ്രേരിപ്പിച്ചു. മഹാമായ എന്നു പേരായ മായാവിദ്യയും അവൾ അദ്ദേഹത്തെ പഠിപ്പിച്ചു. അതുകൊണ്ട് എല്ലാവിധ ആഭിചാരങ്ങളിൽ നിന്നും മായയിൽ നിന്നും ഒരുവനു രക്ഷപ്പെടാൻ കഴിയുമെന്നും മായാവതി പഠിപ്പിച്ചു.

പ്രദ്യുമ്നൻ ശംബരനെ ദ്വന്ദയുദ്ധത്തിനു വെല്ലു വിളിച്ചു. ശംബരൻ പലേവിധ മായാജാലങ്ങളും പ്രയോഗിച്ചെങ്കിലും പ്രദ്യുമ്നനെ അതൊന്നും ബാധിച്ചില്ല. അവസാനം മൂർച്ചയേറിയ ഒരു വാൾമുനയാൽ ശംബരൻ വധിക്കപ്പെട്ടു. മായാവതി തൻെറ നാഥനുമൊരുമിച്ച് ദ്വാരകയിലേക്ക് പോയി. കൃഷ്ണൻെറ കൊട്ടാരത്തി ലെത്തിയപ്പോൾ കൃഷ്ണൻ വന്നിരിക്കുകയാണെന്ന് വിചാരിച്ച് സ്ത്രീകൾ മുഖം മറച്ചു. ദമ്പതികളെ കണ്ട് രുഗ്മിണി ആരാണിവരെന്ന് വിസ്മയിച്ചു. കൃഷ്ണനും അവിടെ വന്ന് അവരെ കണ്ടു. അദ്ദേഹത്തിന് കഥകൾ എല്ലാം അറിയാമായിരുന്നു. നാരദമുനി അവിടെയെത്തി യുവദമ്പതികളെ എല്ലാവർക്കുമായി പരിചയ പ്പെടുത്തി. പ്രദ്യുമ്നൻെറ ജിവചരിത്രം മുഴുവൻ പറഞ്ഞു മനസ്സിലാക്കി. രുഗ്മിണി തൻെറ പ്രഥമ പുത്രൻെറ നഷ്ടത്തിൽ മനംനൊന്തു കഴിഞ്ഞിരുന്നു. ഈ പുന:സമാഗമം രുഗ്മിണിയെ ഏറെ സന്തുഷ്ട യാക്കി. പ്രദ്യുമ്നൻ എല്ലാ വിധത്തിലും തൻെറ പിതാവിനു തുല്യനായിരുന്നു. സ്ത്രീജനഹൃദയങ്ങളെ അദ്ദേഹവും സമാകർഷിച്ചു.